ശ്രീ. കെ. കരുണാകരൻ : സർ, ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്ന ആളുകൾ എന്നുപറഞ്ഞാൽ ഒരു വരുമാനവുമില്ലാതെ പട്ടിണി കിടക്കുന്ന ആളുകളല്ല. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകളെ സംബന്ധിച്ച് ദാരിദ്ര്യരേഖ കണക്കാക്കിയിട്ടുള്ളത് അന്ന് 300 രൂപ വരുമാനമുള്ള ആളുകളെ ആണ്. ആ 300 രൂപ വരുമാനം എത്തിക്കുന്നതിന് ആവശ്യമായ സഹായങ്ങളാണ് ഇന്ന് ചെയ്യുന്നത്. അല്ലാതെ ഓരോരുത്തർക്കും 300 രൂപയിൻമേൽ വർദ്ധിപ്പിക്കാനല്ല. ഓരോ കുടുംബത്തിനും ആ നിശ്ചിതതോതിൽ മുകളിൽ വരുന്നതിനുള്ള സാമ്പത്തികസഹായം ചെയ്യുകയാണ്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : സർ, ഇപ്പോൾ 3,600 രൂപ ദാരിദ്ര്യരേഖക്കുള്ള പരിധിയായി നിശ്ചയിച്ചത് പിന്നീട് 4,500 രൂപയായും ഇപ്പോൾ അത് 6,000 രൂപയായും വർദ്ധിപ്പിച്ചിരിക്കുന്നതായി മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായി. ഇത് ശരിയാണെങ്കിൽ 3,600 രൂപ നിലനിന്നകാലത്ത് ദാരിദ്ര്യരേഖയുടെ മുകളിൽ വന്നുവെന്ന് കരുതപ്പെടാവുന്ന ആളുകൾപോലും പുതിയ കണക്കനുസരിച്ച് ദാരിദ്ര്യരേഖയുടെ താഴെയാകും എന്നുള്ള കാര്യം ഗവൺമെൻറ് കണക്കാക്കിയിട്ടുണ്ടോ ? അങ്ങനെ വരുമ്പോൾ ഈ ദാരിദ്ര്യരേഖയുടെ താഴെയുള്ളവരുടെ എണ്ണം എത്രകണ്ട് വർദ്ധിക്കുമെന്ന് പറയാമോ ?

ശ്രീ. കെ. കരുണാകരൻ : സർ, നമ്മൾ ഓരോ വർഷം കഴിയുന്തോറും വരുമാനത്തെ സംബന്ധിച്ചുള്ള ആവശ്യങ്ങൾ കൂടുകയും അതിൻെറ തോതിൽ മാറ്റങ്ങൾ ചെയ്യുകയുമാണ്. 1980-ൽ 300 രൂപ കൊണ്ട് ജീവിക്കുന്ന ഒരു കുടുംബം ദാരിദ്ര്യരേഖയ്ക്ക്....300 രൂപയുടെ മുകളിലാണ് എങ്കിൽ ദാരിദ്ര്യരേഖയ്ക്ക് മുകളിലാണ്. എന്നാൽ ഈ സ്റ്റാൻഡേർഡിൽ ഇന്ന് ജീവിക്കുന്നതിന് ആ സഹായം പോരായെന്ന് കണ്ടിട്ടാണ് ഇന്നത്തെ നിലയിൽ അത് ആറായിരമായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചത്.

ഗ്രാമീണ ക്ഷീരവികസന പ്രവർത്തനങ്ങൾ

* 386. [414] ശ്രീ. കെ. മുഹമ്മദാലി :
,, കെ. കെ. തോമസ് :
,, കെ. രാഘവൻ മാസ്റ്റർ :
,, രാഘവൻ പൊഴക്കടവിൽ :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ ക്ഷീര വികസന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇപ്പോൾ ഈ രംഗത്ത് എത്ര ക്ഷീര വികസന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു ;

(സി) ഈ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ എന്തെല്ലാം ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) : സർ,

(എ) 1. ശാസ്ത്രീയ ക്ഷീരവികസനപ്രവർത്തനങ്ങളിൽ കർഷകരെ ബോധവാൻമാരാക്കുന്നതിനും പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനും 73 ഡെയറി എക്സ്റ്റൻഷൻ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

2. കൂടുതലായി പ്രാഥമിക ക്ഷീരസഹകരണസംഘങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. കൃത്രിമ ബീജദാനകേന്ദ്രങ്ങൾ വഴി സങ്കരയിനം പശുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4. പാൽ കേടുകൂടാതെ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി പാൽ ശീതീകരണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

5. കാലിത്തീറ്റ ഫാക്ടറികൾ സ്ഥാപിച്ച് കാലിത്തീറ്റ മിതമായ വിലയ്ക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

6. മാതൃകാ ഡയറിഫാമുകളും മാതൃകാ കാലിത്തൊഴുത്തുകളും സ്ഥാപിക്കുന്നതിന് സാങ്കേതികവും ധനപരവുമായ സഹായങ്ങൾ നല്കുന്നു.

7. പുൽക്കൃഷിത്തോട്ടങ്ങൾ ഉണ്ടാക്കാനായി സൗജന്യമായി പുൽവിത്തുകൾ വളം ഇവ ഗ്രാമീണർക്ക് ലഭ്യമാക്കുന്നു.

8. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട കർഷകരുടെ ഉന്നമനത്തിനായി പ്രത്യേകം ക്ഷീരവികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

9. ക്ഷീരസഹകരണസംഘങ്ങൾക്ക് വിവിധതരം ഗ്രാന്റുകൾ നല്കി പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സഹായിക്കുന്നു.

(ബി) 73 ക്ഷീര വികസന യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

(സി) ഉപചോദ്യം എ-യ്ക്കുള്ള മറുപടിയിൽ വിവരിച്ചിട്ടുള്ള മിക്കവാറും എല്ലാ പ്രവർത്തനങ്ങളും ക്ഷീരവികസന ക്രേന്ദങ്ങൾ വഴിയാണ് നടപ്പിലാക്കുന്നത്.

ശ്രീ. കെ. മുഹമ്മദാലി : ഗ്രാമീണ ക്ഷീര വികസനപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി കഴിഞ്ഞ 1985-86, 1986-87 വർഷങ്ങളിൽ എത്ര ക്ഷീരവികസന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എ. എൽ. ജേക്കബ് : 1985-86-ലും 1986-87-ലും പുതിയതായി ഡെയറി എക്സ്റ്റൻഷൻ യൂണിറ്റുകൾ സ്ഥാപിച്ചിട്ടില്ല. 7-ാം പദ്ധതിയുടെ ഒന്നും രണ്ടും വർഷങ്ങളിൽ പുതിയ ഡെയറി എക്സ്റ്റൻഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്ന കാര്യം ഉൾപ്പെടുത്തിയിട്ടില്ല. പ്ലാൻ ഫണ്ടിന്റെ കുറവുമൂലമാണിത്.

ശ്രീ. കെ. കെ. തോമസ് : സർ, ക്ഷീരവികസനത്തിന്റെ ഭാഗമായി പുൽക്കൃഷി നടത്തുന്നുണ്ട്. പുൽക്കൃഷി വികസനത്തിനായി എന്തെല്ലാം സഹായങ്ങളാണ് നല്കി വരുന്നത്?

ശ്രീ. എ. എൽ. ജേക്കബ് : കർഷകരുടെ പുരയിടങ്ങളിൽ നല്ലയിനം കാലിത്തീറ്റ പുല്ലുകൾ വച്ചുപിടിപ്പിക്കുന്നതിന് സാങ്കേതിക നിർദ്ദേശങ്ങളും സാമ്പത്തികസഹായങ്ങളും നല്കുന്നു. പുൽവിത്തു പകുതി വിലയ്ക്ക് നല്കുന്നു. ഹെക്ടറിന് 165 രൂപ സബ്സിഡി. പുൽപയർ മിശ്രിതം ഒരു ഹെക്ടറിന് 500 രൂപയ്ക്കുള്ള വളം സൗജന്യമായി നല്കുന്നു. ചോളം ഒരു ഹെക്ടറിന് 700 രൂപയ്ക്കുള്ള വളം സൗജന്യമായി നല്കുന്നു. പയർ ഒരു ഹെക്ടറിന് 301 രൂപയ്ക്കുള്ള വളം സൗജന്യമായി നല്കുന്നു. കൂടാതെ മാതൃകാ പുൽപ്രദർശനത്തോട്ടത്തിന് വിത്തിനും വളത്തിനും ഉള്ള സൗജന്യത്തിന് പുറമേ ഒരു ഹെക്ടറിന് 2,500 രൂപ സബ്സിഡി നല്കുന്നു.

ശ്രീ. കെ.കെ.രാഘവൻ മാസ്റ്റർ: സർ, ഗ്രാമീണക്ഷീരവികസനപ്രവർത്തനത്തിന്റെ ഭാഗമായി വയനാട് ജില്ലയിൽ 27 പേർക്ക് ക്യാറ്റിൽ ഇംപ്രൂവുമെന്റ് അസിസ്റ്റൻഡുമാരായി പരിശീലനം നല്കിയിട്ടുണ്ട്. എന്നാൽ അവർക്ക് ഇതുവരെയും നിയമനം നല്കിയിട്ടില്ല. അത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എൽ. ജേക്കബ് : കെ. എൽ. ഡി. ആർ. എം. എം. ബോർഡിൽ നിന്നും ലിക്വിഡ് നൈട്രജൻ കണ്ടെയിനേഴ്സ് നൽകാൻ ഇല്ലാതെ വരുന്നതാണ് കാരണം.

ശ്രീ. രാഘവൻ പൊഴക്കടവിൽ : ഡെയറി എക്സ്റ്റൻഷൻ കേന്ദ്രങ്ങളും 72 എണ്ണം സ്ഥാപിച്ചിട്ടുണ്ടെന്ന് മന്ത്രി ഇവിടെ പറഞ്ഞു. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ഒന്ന് വ്യക്തമാക്കാമോ ?

ശ്രീ. എ. എൽ. ജേക്കബ് : സർ, തിരുവനന്തപുരം-7, കൊല്ലം-5, പത്തനംതിട്ട-4, ആലപ്പുഴ-6, കോട്ടയം-5, ഇടുക്കി-4, എറണാകുളം-6, തൃശ്ശൂർ-6, പാലക്കാട്-6, മലപ്പുറം-9, വയനാട്-2, കോഴിക്കോട്-5, കണ്ണൂർ-7, കാസർകോട്-1, അങ്ങനെ 73 എണ്ണമുണ്ട്. ഇതുകൂടാതെ ഓരോ ജില്ലയിലും പ്രത്യേകിച്ച്.....

ശ്രീമതി. കെ. ആർ. ഗൗരി : ക്ഷീരവികസനത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കുന്നതിനായി ഗവൺമെന്റ് കുറേ മൃഗങ്ങളെ വളർത്തുന്ന കേന്ദ്രങ്ങളുണ്ടാക്കിയിരുന്നു. അതിൽ കൊടപ്പനക്കുന്നിലുള്ള കേന്ദ്രം വളരെ പ്രധാനപ്പെട്ട ഒന്നായിരുന്നു. ആ കുടപ്പനക്കുന്നിലുള്ള മൃഗങ്ങളെ മുഴുവൻ അവിടെ നിന്നും മാറ്റിക്കഴിഞ്ഞു. ഇപ്പോൾ ഒരൊറ്റ മൃഗങ്ങളുമില്ലാതെ കൊടപ്പനക്കുന്ന് മാറിയിരിക്കുകയാണ്. പാൽ വരുന്നതായിട്ടുള്ള കേന്ദ്രമായിരുന്നതാണ്. ഇന്ന് 4 കവർ പാൽ വാങ്ങുന്നതിന് ഒരു മണിക്കൂർ വീതം ബൂത്തുകളുടെ മുന്നിൽ കാത്തുനിന്നാലും ഒരു കവർ പാൽപോലും കിട്ടാതെ വരുന്ന സാഹചര്യമാണുള്ളത്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എ. എൽ. ജേക്കബ് : അത് ഡെയറി ഡെവലപ്പുമെന്റിൽപ്പെട്ടതാണ്. എന്റെ ചുമതലയല്ല.

ശ്രീ. കെ. പി. എ. മജീദ് : സർ, മഞ്ചേരി ആസ്ഥാനമാക്കി ഒരു മിൽക്ക് പ്രോജക്ട് ആരംഭിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിലും ബഹുമാനപ്പെട്ട മന്ത്രി മലപ്പുറത്ത് ഒരു പരിപാടിക്ക് വന്നപ്പോഴും ഒരു പ്രഖ്യാപനം നടത്തിയിരുന്നു. ആ മിൽക്ക് പ്രോജക്ട് അന്ന് ആരംഭിക്കുമെന്ന് പറഞ്ഞത് മരങ്ങാട്ടുപെട്ടിയിൽ ആരംഭിക്കുകയും, മഞ്ചേരിയിൽ ആരംഭിക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രഖ്യാപനം ഞങ്ങൾ വിശ്വസിക്കണമോ അതല്ല, അത് എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എ. എൽ. ജേക്കബ് : ഇക്കാര്യം സെൻട്രൽ ഗവൺമെന്റിലേക്ക് എഴുതിയിരിക്കുകയാണ്. അതിന്റെ അനുമതി കിട്ടിയിട്ടില്ല. അനുമതി കിട്ടിക്കഴിഞ്ഞാൽ ഉടനെ അത് നടപ്പിലാക്കുന്നതാണ്.

ശ്രീ. സിറിയക് ജോൺ : ക്ഷീരവികസന പദ്ധതിയുടെ ഭാഗമായിട്ട് ഓപ്പറേഷൻ ഫ്ളഡ് എന്നു പറയുന്ന ഒരു പദ്ധതി തെക്കൻ കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. അത് വടക്കൻ കേരളത്തിൽ സിസ്വർലൻഡ് ഗവൺമെന്റിന്റെ സഹായത്തോടുകൂടി ഒരു പദ്ധതിക്ക് നേരത്തെതന്നെ രൂപം കൊടുക്കുകയും അത് ഇൻഡ്യാ ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയും ആയിരുന്നു. അത് ഇൻഡ്യാ ഗവൺമെന്റും സിസ്വർലൻഡ് ഗവൺമെന്റും കേരളത്തിലെ മാർക്കറ്റിംഗ് ഫെഡറേഷനും തമ്മിൽ ഇതുസംബന്ധിച്ച് കരാറുകളും ഒപ്പിട്ടുകഴിഞ്ഞതാണ്. അതിനെ സംബന്ധിച്ചുള്ള കാര്യം ഒന്ന് വ്യക്തമാക്കാമോ ?

ശ്രീ. എ. എൽ. ജേക്കബ് : അത് അങ്ങനെ തന്നെ ആയിരുന്നു. ഇന്നിപ്പോൾ അതിന് സെൻട്രൽ ഗവൺമെന്റിന്റെ അനുമതി കിട്ടാതെ ചെയ്യാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly